കൂടാതെ നിർമ്മാണത്തിലിരിക്കുന്ന വൻകിട പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ജൈക്ക പദ്ധതി-4

1. കൊല്ലം ജില്ലയിലെ മീനാടിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

2. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

3. കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തൽ പദ്ധതി

4. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതി

ജെ.എൻ.എൻ. ആർ.എം. പദ്ധതികൾ-2

യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതികൾ-13

കൊല്ലം ജില്ലയിലെ ചവറ -പന്മന പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സുനാമി പുനരധിവാസ ജലനിധി പദ്ധതിയുടെ പ്രവൃത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(സി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു. *

ജൈക്ക പദ്ധതികളിൽ മൂന്നു പദ്ധതികൾ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

മീനാട് പദ്ധതി-30-1-2011

ചേർത്തല പദ്ധതി - 25-2-2011

പട്ടുവം പദ്ധതി - 28-2-2011

ജലനിധിയുടെ കീഴിലുള്ള ചവറ-പന്മന പദ്ധതി 2011 ജനുവരി മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയ ചീക്കോട് ശുദ്ധജല വിതരണ പദ്ധതി

64 (2162) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയ ചീക്കോട് ശുദ്ധജല വിതരണ പദ്ധതിക്ക് എത്ര കോടി രൂപ വകയിരുത്തിയിരുന്നു ; എന്നാണ് ഈ പദ്ധതി പ്രഖ്യാപിച്ചത് എന്നിവ വ്യക്തമാക്കുമോ ;

(ബി) ഇതിനകം ഈ പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം എത്ര രൂപ അനുവദിച്ചു എന്നും, അതിലെത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിനോടകം പൂർത്തിയായ പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) സ്പാൻ പദ്ധതിയിലുൾപ്പെടുത്തിയതിനുശേഷം പദ്ധതിയുടെ തുടർന്നുള്ള നടപടികളുടെ വിശദാംശങ്ങൾ തീയതി സഹിതം വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിനോടൊപ്പം പ്രഖ്യാപിച്ച മറ്റു പദ്ധതികൾ പലതും പൂർത്തിയായിട്ടും ഈ പദ്ധതിക്ക് കാലതാമസമുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) അതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എച്ച്) കഴിഞ്ഞ ജൂലൈ മാസത്തിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിലെ തീരുമാനങ്ങൾ എന്തായിരുന്നുവെന്നും അവയിലേതെല്ലാം പ്രാവർത്തികമാക്കിയെന്നും വ്യക്തമാക്കുമോ; ഒരു ഉന്നതല യോഗം കൂടി ഇക്കാര്യത്തിൽ വിളിച്ചുചേർക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 70.57 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 2008-ലാണ് പ്രഖ്യാപിച്ചത്.

(ബി) 117.91 ലക്ഷം രൂപ ചിലവഴിച്ചു.

(സി) സ്പാൻ പദ്ധതികൾക്ക് മൊത്തമായി 2008-09 സാമ്പത്തിക വർഷം മുതൽ ഇതുവരെ 260.86 കോടി രൂപ അനുവദിച്ചതിൽ റിട്ടേൺസ് ആന്റ് ഡെപ്പോസിറ്റ് ഉൾപ്പെടെ 281.87 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(ഡി) സ്പാൻ പദ്ധതികളിൽ ആർ.ഡബ്ല്യൂ.എസ്.എസ്.വൈക്കം, ആർ.ഡബ്ല്യൂ.എസ്.എസ്.കൊടുവായൂർ-പുതുനഗരം,ഡബ്ല്യൂ.എസ്.എസ്. കിഴക്കോത്ത്, ആർ.ഡബ്ല്യൂ.എസ്.എസ്.കോലഞ്ചേരി-1 (മെച്ചപ്പെടുത്തൽ), ആർ.ഡബ്ല്യൂ. എസ്.എസ്.കോലഞ്ചേരി-2(മെച്ചപ്പെടുത്തൽ) എന്നീ അഞ്ച് പദ്ധതികൾ പൂർണ്ണമായും ഡബ്ല്യൂ.എസ്.എസ്. ഇരുമ്പിളിയം, വാളഞ്ചേരി ഭാഗികമായും കമ്മീഷൻ ചെയ്യുകയുണ്ടായി.

(ഇ) ആദ്യഘട്ടത്തിൽ രണ്ട് പാക്കേജുകളായി തിരിച്ചിരുന്ന പദ്ധതിയുടെ ഒന്നാം പാക്കേജും, രണ്ടാം പാക്കേജും 22-9-2008-ൽ ദർഘാസ് ചെയ്തിരുന്നുവെങ്കിലും ഒന്നാം പാക്കേജിന് മാത്രമേ ഒരു ദർഘാസ് ലഭിച്ചിരുന്നുള്ളൂ. കാട്ടു ചെയ്ത തുക വളരെ കൂടുതലാണെന്നതിനാൽ 31-7-2009-ലെ അതോറിറ്റി കത്തുപ്രകാരം ടി ദീർഘാസ് റദ്ദാക്കി.

4-8-2009-ലെ അതോറിറ്റി കത്ത് പ്രകാരം ഒന്നാം പാക്കേജിനെ വീണ്ടും അഞ്ച് പാക്കേജുകളായും, രണ്ടാം പാക്കേജിനെ രണ്ട് പാക്കേജുകളായും പുനഃക്രമീകരിച്ചു. ഇതിൽ പാക്കേജ് (1എ), (1സി) എന്നിവ 17-12-2009-ന് ദർഘാസ് സമർപ്പിക്കുവാനുള്ള അവസാന തീയതിയായി പ്രസിദ്ധീകരി ക്കുകയുണ്ടായി. പാക്കേജ്-1 ഡി-യുടെ ദർഘാസ് തീയതി 23-12-2009-ഉം പാക്കേജ് 1-ഇയുടെത് 16-12-2009-ഉം ആയിരുന്നു. 23-12-2009-ന് ദർഘാസ് തീയതി ആയിരുന്ന പാക്കേജ് 1 ബിയ്ക്ക് ഒരു ദർഘാസ് ലഭിച്ചെങ്കിലും കാട്ടുചെയ്ത തുക വളരെ കൂടുതൽ ആയതിനാൽ 17-8-2010-ൽ പുനർദർഘാസ് ലഭിച്ചത് മേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്.

പാക്കേജ് 2 എ-യ്ക്ക് ലഭിച്ച ദർഘാസ് മേഖല ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്. പാക്കേജ് 2 ബി വീണ്ടും രണ്ട് പാക്കേജുകളായി വിഭജിച്ച് ദർഘാസുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജ് 1എ, 1സി, 1ഡി, 1ഇ എന്നിവയ്ക്ക് ലഭിച്ച ദർഘാസുകൾ 6-12-2010-ൽ കൂടിയ എംപവേർഡ് കമ്മിറ്റി പരിഗണിക്കുകയും 2010 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് വർക്ക് ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുകയാണെങ്കിൽ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം പുനർദർഘാസ് ക്ഷണിക്കുവാനും തീരുമാനിച്ചു. ഇത് സംബന്ധിച്ച് കോൺട്രാക്ടർമാരുമായി അതോറിറ്റി തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

(എഫ്) ദർഘാസുകൾക്കും പ്രതികരണം ലഭിക്കാത്തതും, കോൺട്രാക്ടർമാർ എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ ഉയർന്ന തുക കാട്ടുചെയ്യുന്നതിനാൽ ദർഘാസ് റദ്ദാക്കി പുനർദർഘാസ് ക്ഷണിക്കേണ്ടി വരുന്നതിനാലുമാണ് ദർഘാസുകൾ തീർപ്പ് കല്പിച്ച് പ്രവൃത്തി ആരംഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിനുള്ള പ്രധാന കാരണം.

(ജി) 6-12-2010-ലെ എംപവേർഡ് കമ്മിറ്റി തീരുമാന പ്രകാരം 2010 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് വർക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോൺട്രാക്ടർമാരുമായി അതോറിറ്റി തലത്തിൽ കൂടിയാലോചനകൾ നടന്നുവരുന്നു.

(എച്ച്) വിവിധ പാക്കേജുകളുടെ ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തിയാക്ക അനുമതിയ്ക്കായി എംപവേർഡ് കമ്മിറ്റി മുൻപാകെ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം പാക്കേജ് 1എ, 1സി, 1ഡി, 1ഇ എന്നിവയ്ക്ക് ലഭിച്ച ദർഘാസുകൾ 6-12-2010-ൽ കൂടിയ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുകയും 2010 ഷെഡ്യൂൾ ഓഫം റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് വർക്ക്ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാവുകയാണെങ്കിൽ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം പുനർദർഘാസ് ക്ഷണിക്കുവാനും തീരുമാനിച്ചു.

യോഗ തീരുമാനപ്രകാരം മറ്റു പാക്കേജുകളുടെ ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തികരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

യോഗത്തിൽ തീരുമാനിച്ച പ്രകാരം ഫറൂക്ക്-കരുവാൻതുരുത്തി വില്ലേജുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി-നെടിയിരുപ്പ് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

65 (2163) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി-നെടിയിരുപ്പ് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്തിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly